<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 338 24.6.2014- ലെ മറുപടിക്ക്

## <u>ചരക്ക് സേവന നികുതി</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി നടപ്പാക്കുന്നതിനെ കുറിച്ചുള്ള അഭിപ്രായം വ്യക്തമാക്കുമോ ; | (എ) | ചരക്ക് സേവന നികുതി നിരക്കുകളെയും അതിൽ ലയിപ്പിക്കുന്ന നികുതികളെയും അതിന്റെ നികുതി പിരിവ് സമ്പ്രദായത്തെയും കുറിച്ചുള്ള ചർച്ചകൾ അഖിലേന്ത്യാടിസ്ഥാനത്തിൽ നടന്നു വരുന്നതേയുള്ളൂ. പ്രാപ്യ സ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവ്വീസ് മേഖല കൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ചരക്ക് സേവന നികുതി നേട്ടമാകുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. |
| (ബി) ഇത് സംബന്ധിച്ച് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം ചേർന്നിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം | (ബി) | ഈ വിഷയം സംസ്ഥാന ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയുടെ സജീവ പരിഗണനയിലാണ്. ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും അവ പരിഹരിക്കാനും വേണ്ടി താഴെപറയുന്ന ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>1. Committee on GST Design<br>2. Committee on CST compensation<br>3. Committee on the problem of Dual Control, Threshold and Exemptions in VAT regime.<br>4. Committee on Revenue Neutral Rate for State GST and Central GST and place of supply rules.<br>5. Committee on GST law.<br>6. Committee on IGST and GST on Import<br><br>ഉന്നതാധികാര സമിതിയുടെയും ഉപ സമിതികളുടെയും യോഗങ്ങൾ നിശ്ചിത കാലയളവിൽ നടക്കാറുണ്ട്. ചരക്കു സേവന നികുതി നടപ്പിലാക്കുന്നത് സംബന്ധിച്ച കരട് ഭരണഘടനാ ഭേദഗതി ബിൽ ഉന്നതാധികാര സമിതി സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി നൽകിയിരുന്നു. അതിന്മേലുള്ള പ്രാഥമികവും, തുടർന്നുള്ള അഭിപ്രായം/നിർദ്ദേശം എന്നിവ ഉന്നതാധികാര സമിതിയെ അറിയിച്ചിട്ടുണ്ട്. |

(സി) എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിനോടനുബന്ധിച്ച് സംസ്ഥാനം യോഗത്തിൽ സമർപ്പിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) കേരളത്തിന്റെ നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് മദ്യം, പെട്രോളിയം എന്നിവയാണ്. ചരക്കു സേവന നികുതിയിൽ പെട്രോളിയം ഉല്പന്നങ്ങളുടെ ഉൾപ്പെടുത്തൽ ഉളവാക്കുന്ന പ്രഭാവം, അതിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകൽ എന്നീ കാര്യങ്ങളെപ്പറ്റി വിശദമായി പഠിക്കേണ്ടതുണ്ട്. എന്നാൽ, ആദ്യ ഘട്ടത്തിൽ മദ്യം, പെട്രോളിയം ഉല്പന്നങ്ങൾ ചരക്കു സേവന നികുതിയിൽ യിൽ ഉൾപ്പെടുത്തരുത് എന്നും, ഒന്നരക്കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള ഡീലർമാരുടെ കേന്ദ്ര ചരക്കു സേവന നികുതി, സംസ്ഥാന ചരക്കു സേവന നികുതി എന്നിവയുടെ ഭരണ നിർവഹണം സംസ്ഥാനങ്ങൾക്ക് നൽകേണ്ടതാണെന്നും, ചരക്കുസേവന നികുതി സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ എല്ലാ സംസ്ഥാനങ്ങളും ഇവ ഒരേ സമയത്ത് പ്രാബല്യത്തിലാക്കിയില്ലെങ്കിൽ അത് സ്വീകരിക്കാത്ത സംസ്ഥാനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന സംസ്ഥാനങ്ങളിലേക്ക് തടസ്സമില്ലാതെയുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള വ്യവസ്ഥകൾ നിയമത്തിൽ കൊണ്ടുവരേണ്ടതാണെന്നും, പ്രാദേശിക പ്രാമുഖ്യമുള്ള ചരക്കുകൾക്ക് നികുതി നിരക്ക് നിശ്ചയിക്കുവാൻ സംസ്ഥാനങ്ങൾക്ക് അനുമതി ഉണ്ടായിരിക്കേണ്ടതാണെന്നും ചരക്കുസേവന നികുതി ഒരു പ്രാപ്യ സ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ള നികുതിയായതിനാൽ അത്തരം നിയമം കൊണ്ടു വരുന്ന സമയത്ത് പ്രാപ്യ സ്ഥാന തത്വം വളരെ വ്യക്തമായ ഭാഷയിൽ പ്രസ്താവിക്കപ്പെടേണ്ടതാണെന്നുമുള്ള സംസ്ഥാനത്തിന്റെ വ്യക്തമായ നിലപാടുകൾ ഉന്നതാധികാര സമിതി യോഗങ്ങളിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലോട്ടറി ചരക്കു സേവന നികുതിയിൽ ലയിപ്പിക്കരുതെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടങ്ങൾ നികത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ചരക്കു സേവന നികുതി നടപ്പാക്കുന്നതുമൂലം ആദ്യ 5 വർഷക്കാലം സംഭവിക്കാവുന്ന വരുമാന നഷ്ടം നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്നും കൃത്യമായി പരിശോധിക്കപ്പെടുന്ന ഒരു സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും പ്രത്യേക ഗ്രാന്റായി ഈ നഷ്ട പരിഹാരം സംസ്ഥാനങ്ങൾക്ക് നൽകും എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ടെന്നുമുള്ള നിർദ്ദേശങ്ങൾ ഉന്നതാധികാര സമിതിയെ അറിയിച്ചിട്ടുണ്ട്. കൂടാതെ വാറ്റ് നടപ്പിലാക്കിയപ്പോൾ കോമ്പൻസേഷൻ സമ്പ്രദായത്തിലുണ്ടായ അപാകതകൾ ആവർത്തിക്കാതിരിക്കുവാനായി ചരക്കു സേവന നികുതി കോമ്പൻസേഷൻ കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെട്ട ഒരു സമിതി നിശ്ചയിക്കേണ്ടതാണ് എന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ